**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2117** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ഗാർഹിക-സ്ത്രീധന പീഡനം തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി ഉമ തോമസ്

ശ്രീ. ചാണ്ടി ഉമ്മൻ

N/A independent_member_mock

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഗാർഹിക-സ്ത്രീധന പീഡനം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കമലേശ്വരത്ത് ഗാർഹിക പീഡനവും ആക്ഷേപവും മൂലം അമ്മയും മകളും ജീവനൊടുക്കിയ സംഭവത്തിലേയ്ക്ക് തിരുവനന്തപുരം സിറ്റിയിലെ പൂന്തുറ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 82/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി കേസിൽ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും, നിലവിൽ കേസന്വേഷണം നടന്നു വരുന്നതുമാണ്.

**(ബി)** കമലേശ്വരത്ത് ഗാർഹിക പീഡനവും ആക്ഷേപവുംമൂലം അമ്മയും മകളും ജീവനൊടുക്കിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

**<u>മറുപടി:</u>** കമലേശ്വരത്ത് ഗാർഹിക പീഡനവും ആക്ഷേപവും മൂലം അമ്മയും മകളും ജീവനൊടുക്കിയ സംഭവത്തിലേയ്ക്ക് തിരുവനന്തപുരം സിറ്റിയിലെ പൂന്തുറ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 82/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ടി കേസിൽ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും, നിലവിൽ കേസന്വേഷണം നടന്നു വരുന്നതുമാണ്.

**(സി)** ഗാർഹിക-സ്ത്രീധന പീഡനം തടയാൻ സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കാമോ?

**<u>മറുപടി:</u>** സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളെ തിരിച്ചറിയുന്നതിനും അവ റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും, അതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാൻ അവരെ സഹായിക്കുന്നതിനായും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

Say not to dowry, Zero tolerance towards violance against women എന്നീ നിലപാടുകളെ അടിസ്ഥാനമാക്കി സംസ്ഥാനവ്യാപകമായി വിപുലമായ സ്ത്രീ ശാക്തീകരണ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിരുന്നു. ഇതിനായി സോഷ്യൽ മീഡിയ, പത്ര മാധ്യമങ്ങൾ, FM Radio, സിനിമ എന്നി മാധ്യമങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി. "ഇനി വേണ്ട വിട്ടുവീഴ്ച ഇനി വേണം പ്രതികരണം" എന്ന പേരിലാണ് പ്രസ്തുത ക്യാമ്പയിനുകൾ സംഘടിപ്പിച്ച് വരുന്നത്.

സ്ത്രീ ശാക്തീകരണ വീഡിയോകൾ, ഷോർട്ട് ഫിലിമുകൾ, സംഗീത ആൽബങ്ങൾ,ആനിമേറ്റഡ് വീഡിയോകൾ, കോമഡി ട്രോളുകൾ എന്നിവ നിർമ്മിച്ച് സിനിമ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, വിവിധ പരിപാടികൾ എന്നിവയിലൂടെ പ്രചരിപ്പിച്ചുവരുന്നു. വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് റേഡിയോ ക്യാമ്പയിനുകളും, ട്രെയിൻ ബ്രാൻഡിംഗും നടപ്പിലാക്കി വരുന്നു. അതോടൊപ്പം, വിവിധ തരത്തിലുള്ള പഠനങ്ങളും, റിസർച്ച് പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു. പത്രമാധ്യമങ്ങൾ, മാഗസിനുകൾ എന്നിവയിലൂടെ സ്ത്രീ സുരക്ഷാ പദ്ധതികളേക്കുറിച്ചുള്ള വിശദാംശങ്ങൾ പ്രചരിപ്പിച്ചുവരുന്നു. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി, വിവാഹമണ്ഡപങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫിസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ ജീവനക്കാർ വഴി ദമ്പതികൾക്ക് വിതരണം ചെയ്യപ്പെടുന്നു.

യുവജനങ്ങൾക്കിടയിൽ ലിംഗ സമത്വം ഉറപ്പാക്കുക, സ്രീധന സമ്പ്രദായം, വിവാഹ ധൂർത്ത്, ശൈശവ വിവാഹം എന്നിവ നിരോധിക്കുക തുടങ്ങിയ വിഷയങ്ങൾ ടെക്നിക്കൽ, നോൺ ടെക്നിക്കൽ കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. യുവാക്കളിലൂടെ സ്ത്രീധന സമ്പ്രദായത്തിനെതിരെയുള്ള സന്ദേശം സമൂഹത്തിലെത്തിക്കുക എന്ന ഉദ്ദേശത്തിൽ കോളേജ് വിദ്യാർത്ഥികൾക്കിടയിൽ സ്ത്രീധന സമ്പ്രദായത്തിനെതിരെ ഷോർട്ട് ഫിലിം മത്സരം നടത്തുകയും, ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടിയ വിജയികൾക്ക് വനിതാദിനത്തോടനുബന്ധിച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ വിവിധ കോളേജുകളിൽ നിന്നുള്ള ധാരാളം കുട്ടികൾ പങ്കെടുത്ത് പരിപാടി ഒരു വൻ വിജയമാകുകയും ചെയ്തു.

സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക്, ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തരം Gender relations and Women Legislation എന്ന വിഷയത്തിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗും ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെക്കുറിച്ചും, അതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് ലഭ്യമാകുന്ന നിയമപരിരക്ഷയെക്കുറിച്ചും ഓൺലൈൻ ബോധവൽക്കരണ ക്ലാസുകളും ലഭ്യമാക്കി.

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പരാതിപ്പെടാനുള്ള സഹായം ഉറപ്പുവരുത്താനും, വനിത ശിശു വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾഎന്നിവ ലഭ്യമാക്കി പരാതിയ്ക്ക് പരിഹാരം തേടാനുള്ള വഴി സുഗമമാക്കുവാനും – സഹായിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ വനിതാ സഹായ കേന്ദ്രങ്ങൾ ആരംഭിച്ചു. ശാരീരിക മാനസിക പീഡനങ്ങൾ മൂലം വിഷമതകൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ വനിത സഹായ കേന്ദ്രങ്ങളിൽ ഹിയറിംഗ് നടത്തുന്നതിന് നിർദ്ദേശങ്ങൾ നൽകി. അവർക്കു ആവശ്യമുള്ള പക്ഷം നിയമസഹായവും പരിരക്ഷയും ലഭ്യമാക്കുവാനും അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യസഹായം, പോലീസ് സഹായം എന്നിവ ഉറപ്പക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ഡൗറി പ്രൊഹിബിഷൻ ഓഫീസർ, ശൈശവ വിവാഹ നിരോധന ഓഫീസർ, CWC, JJB, ജാഗ്രതാ സമിതി, വനിതാ സംരക്ഷണ ഓഫിസ്, കാതോർത്ത്, രക്ഷാദൂത്, 181 വനിതാ ഹെൽപ് ലൈൻ, വൺസ്റ്റോപ്പ് സെന്റർ, ഡിസ്ട്രിക്ട് ലീഗൽ സർവീസ് അതോറിറ്റി, സർവീസ് പ്രൊവൈഡിങ് സെന്ററുകൾ, ഫാമിലി കൗൺസലിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങളെപ്പറ്റിയും, വകപ്പിന്റെ വിവിധ ക്ഷേമ പദ്ധതികളെയും സേവനങ്ങളെയും നിയമങ്ങളെയും സംബന്ധിച്ചും അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും

വനിത സഹായകേന്ദ്രങ്ങൾ മുഖേന സഹായം ലഭ്യമാക്കി വരുന്നു.

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ പ്രാഥമികമായി എത്തുന്നത് ജനപ്രതിനിധികളുടെയും പഞ്ചായത്ത്/ ബ്ലോക്ക് തല ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിലാണ്. ടിയാളുകൾക്ക് പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ബോധവൽക്കരണം നൽകുന്നതിലൂടെ, പരാതിക്കാർക്ക് ശരിയായ മാർഗനിർദ്ദേശങ്ങൾ നൽകവാനും ടി വിഷയം ഐ.സി.ഡി.എസ് (ICDS) സൂപ്പർവൈസർമാരുടെ ശ്രദ്ധയിൽപ്പെടുത്തുവാനും സാധിക്കുമെന്ന് മനസ്സിലാക്കി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങൾക്കും പഞ്ചായത്ത് /ബ്ളോക്ക് ലെവൽ ഉദ്യോഗസ്ഥർക്കും സ്ത്രീകൾക്കും കുട്ടികൾക്കും ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു.

ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശ പ്രകാരം ആരംഭിച്ച 'കനൽ' കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ടെക്നിക്കൽ, നോൺ ടെക്നിക്കൽ, പ്രൊഫഷണൽ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness Campaign സംഘടിപ്പിച്ചുവരുന്നു. ഇതുവരെ 725 കോളേജുകളിലായി നടന്ന 1052 സെഷനുകളിലൂടെ 1,29,569 വിദ്യാർത്ഥികൾക്ക് ലിംഗാവബോധ ക്യാമ്പയിൻ കഴിഞ്ഞിട്ടുണ്ട്.

കനൽ കർമ്മ പദ്ധതിയുടെ ഭാഗമായി ലിംഗ നീതി സമത്വം, Gender Relation എന്നിവയെക്കുറിച്ച് കൂടുതൽ ബോധവൽക്കരണ ക്ലാസ്സുകൾ യുവജനങ്ങൾക്ക് നൽകുന്നതാണ്. കോളേജുകളിലെ NCC, NSS, കോളേജ് യൂണിയൻ, എന്നിവയുടെ സഹകരണത്തോടെയും, കോളേജ് അഡ്മിനിസ്ട്രേഷന്റെ സാന്നിധ്യത്തിലും അരദിവസത്തെ കോളേജ് ഫെസ്റ്റ് ആയി പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കനൽ ഫെസ്റ്റിൽ ജില്ലാതലത്തിൽ കോളേജ് വിദ്യാർത്ഥികളുടെ സ്കിറ്റ്/ഫിലിം മേക്കിംഗ്/റോൾ പ്ലേ മത്സരം നടത്തുകയും ടി മത്സരവിജയികളുടെ സംസ്ഥാനതല മത്സരങ്ങൾ മാർച്ച് 8 ന് വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച് വരുകയും ചെയ്യുന്നു.

രക്ഷിതാക്കൾക്കിടയിലെ അസ്വാരസ്യങ്ങൾ കുട്ടികളിലുണ്ടാക്കുന്ന മാനസിക സംഘർഷങ്ങൾ തിരിച്ചറിഞ്ഞ്. അവരോടൊപ്പം നിന്ന് അവർക്കാവശ്യമായ മാനസ്സിക പിന്തുണ നൽകി അവർക്ക് കരുത്ത് പകരുവാൻ സംസ്ഥാനത്തെ 1012 സർക്കാർ സ്കൂളുകളിൽ വനിത ശിശുവികസന വകുപ്പ് മുഖാന്തിരം നിയമിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാരെ വിദഗ്ദ കൗൺസിലിംഗ് നൽകി പ്രാപ്തരാക്കുന്നതിലേയ്ക്കുള്ള പരിശീലന പദ്ധതിയായ 'സാന്ത്വനം'. പദ്ധതി പരിശീലന പരിപാടി 2023 ഏപ്രിൽ 17 മുതൽ മെയ് 17 വരെ തിരുവനന്തപുരം കോവളം ആനിമേഷൻ സെന്ററിലും, റെനീവൽ സെന്റർ കലൂർ കൊച്ചിയിലുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (CMD) എന്ന സ്ഥാപനം മുഖേന പൂർത്തിയാക്കി.

ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ചു ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അതിക്രമങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പരാതി സമർപ്പിക്കുന്നതിനായി തപാൽ വകുപ്പ് വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നതാണ് രക്ഷാദൂത് പദ്ധതി. അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫിസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു സിൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/വാട്സ് ആപ്പ് SMS Helpline നിൽ കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വികരിക്കുന്നതാണ്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/dowry വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം2005 ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫിസർമാരെ നിയമിച്ചിട്ടുണ്ട്. ഗാർഹിക അതിക്രമം നേരിടുന്ന സ്ത്രീകളിൽ നിന്നും ലഭിക്കുന്ന

പരാതി പരിശോധിച്ച് നിശ്ചിത ഫോറത്തിൽ ഡൊമസ്റ്റിക് ഇൻസിഡെന്റ് റിപ്പോർട്ട് തയ്യാറാക്കി അത് ബന്ധപ്പെട്ട മജിസ്ട്രേറ്റിന് സമർപ്പിക്കുകയും പകർപ്പുകൾ പോലീസ് ഉദ്യോസ്ഥർ, സർവ്വീസ് പ്രൊവൈഡർ എന്നിവർക്ക് നൽകുകയും ചെയ്യുന്നത് വനിത സംരക്ഷണ ഓഫീസറുടെ പ്രധാന ചുമതലകളിൽ ഒന്നാണ്. പ്രൊട്ടക്ഷൻ ഉത്തരവ് ലഭിക്കുന്നതിന് പരാതിക്കാരിയുടെ ആവശ്യ പ്രകാരം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ തയ്യാറാക്കി മജിസ്ട്രേറ്റിന് നൽകുക,സൗജന്യ നിയമസഹായം ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം സൗജന്യമായി നൽകുകയും നിയമസഹായം ലഭ്യമായി എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക, തന്റെ സേവന പരിധിയിൽ ഉള്ള സർവ്വീസ് പ്രൊവൈഡർ, കൗൺ സിലിംഗ് സേവനങ്ങൾ, ഷെൽട്ടർ ഹോമുകൾ.ആരോഗ്യ സംവിധാനങ്ങൾ എന്നിവയുടെ ഡയറക്ടറികൾ തയ്യാറാക്കി സൂക്ഷിക്കുക, പരാതിക്കാരി ആവശ്യപ്പെടുന്നുവെങ്കിൽ അവർക്ക് സുരക്ഷിത ഷെൽട്ടർ ഹോം ലഭ്യമാക്കുകയും ഈ വിവരം ഷെൽട്ടർ ഹോം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ബന്ധപ്പെട്ട മജിസ്ട്രേറ്റ് പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്യുക, ഗാർ ഹിക അതിക്രമത്തിന് ഇരയായവർക്ക് ശാരിരികക്ഷതം ഏറ്റിട്ടുണ്ടെങ്കിൽ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതും വൈദ്യപരിശോധനാ റിപ്പോർട്ട് ഗാർഹിക അതിക്രമം നടന്നതായി ആരോപിക്കപ്പെടുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷൻ, മജിസ്ട്രേറ്റ് എന്നിവർക്ക് നൽകുക, DV ആക്ടിലെ 20 ആം വകപ്പ് അനുസരിച്ച് ഉത്തരവായിട്ടുള്ള സാമ്പത്തിക സഹായം ലഭ്യമായി എന്ന് ഉറപ്പുവരുത്തുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ വനിത സംരക്ഷണ ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കുന്നു.

ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ടെയിനിംഗ് ഷെൽറ്റർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 77 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം2005 പ്രകാരം ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽറ്റർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയുമാണ് (പെൺ കുട്ടികളെയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺ കുട്ടികളെയും) ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു.

കേരളത്തിലെ വനിതകൾക്ക് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സൗജന്യ അടിയന്തിര ഫോൺ സേവനമാണ് 181 ഹെൽപ് ലൈൻ പദ്ധതി. എല്ലാ മേഖലകളിലെയും വിവര അന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോട്ടു കൂടി കേരള സംസ്ഥാന വനിതാ വികസന കോർ പ്പറേഷൻ സംസ്ഥാന സർക്കാരിന് വേണ്ടി 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന എമർജൻസി ഹെൽപ് ലൈൻ സംവിധാനം നടത്തി വരുന്നു. 2017 മാർച്ച് മാസം 27 ന ആരംഭിച്ച പദ്ധതിയിലൂടെ നാളിതുവരെ 474733 പേർ ഗുണഭോക്താക്കളായിട്ടുണ്ട്. അടിയന്തിര രക്ഷാ സേവനങ്ങൾ, മനഃശാസ്ത്ര കൗൺസിലിങ് നിയമ സഹായം എന്നിവയ്ക്ക് പുറമേ വിവിധ സർക്കാർ, സർക്കാരേതര സ്ഥാപനങ്ങളുടെ സേവനങ്ങളെ കുറിച്ചും പ്രധാന ഹോസ്പിറ്റൽ, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവ്വീസ് എന്നിവയെ കുറിച്ചുള്ള വിവരങ്ങളും 181 വഴി ലഭ്യമാണ്.